"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോ സയൻസസ് - 'ഇംഹാൻസിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തി - സി.സി. 5 & പാർട്ട് ബിൽ തുക അനുവദിച്ച് - ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.786/2026/H&FWD തീയതി,തിരുവനന്തപുരം, 26-02-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.1568/2024/ആ.കു.വ. തീയതി 29.06.2024
2. സ.ഉ.(സാധാ) നം.2455/2024/ആ.കു.വ. തീയതി 15.10.2024
3. സ.ഉ.(സാധാ) നം.703/2025/ആ.കു.വ. തീയതി 07.03.2025
4. സ.ഉ.(സാധാ) നം.1219/2025/ആ.കു.വ. തീയതി 02.05.2025
5. സ.ഉ.(സാധാ) നം.2302/2025/ആ.കു.വ. തീയതി 12.08.2025
6. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് മാനേജിംഗ് ഡയറക്ടറുടെ 03.02.2026 തീയതിയിലെ പി.ഇ.-2/3250/2024/കെ.പി.എച്ച്.സി.സി. നമ്പർ കത്ത്
7. ഇംഹാൻസ് ഡയറക്ടറുടെ 07.02.2026 തീയതിയിലെ എ1/800/2024/ഇംഹാൻസ് നമ്പർ കത്ത്
8. സ.ഉ.(സാധാ) നം.702/2026/ആ.കു.വ. തീയതി 20.02.2026

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോ സയൻസസ്, കോഴിക്കോട് (ഇംഹാൻസ്)-ലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തിക്കായി ₹1.5 കോടി രൂപയുടെ ഭരണാനുമതി '2210-05-200-95-35 (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ബിഡ് നോട്ടിഫിക്കേഷൻ ക്ഷണിച്ച് കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് ഇംഹാൻസ് വർക്ക് ഓഡർ നൽകിയിരുന്നു. തുടർന്ന്, പ്രസ്തുത പ്രവൃത്തിയ്ക്കായി, പരാമർശം (2) പ്രകാരം ജി.എസ്.ടി. ഉൾപ്പെടെ സൂപ്പർ വിഷൻ ചാർജ്ജിന്റെ 50% ആയ ₹4,57,746/- രൂപയും പരാമർശം (3) പ്രകാരം പാർട്ട് ബിൽ തുകയായ ₹14,92,324/- രൂപയും, പരാമർശം (4) പ്രകാരം ബിൽ തുകയായ ₹11,24,803/- രൂപയും പരാമർശം (5) പ്രകാരം ബിൽ തുകയായ ₹30,06,372/- രൂപയും ഇംഹാൻസിന് അനുവദിച്ച് നൽകിയിരുന്നു. ഇപ്രകാരം 'ഇംഹാൻസിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തിക്കായി ആകെ ₹60,81,245/- രൂപ അനുവദിച്ചിരുന്നു.

2. പരാമർശം (6)ലെ കത്തു പ്രകാരം 'ഇംഹാൻസിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ

കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തിക്കുവേണ്ടി ₹9,99,049/- രൂപയുടെ സി.സി 5 & പാർട്ട് ബിൽ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് മാനേജിംഗ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതായി ഇംഹാൻസ് ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ 'ഇംഹാൻസിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം' എന്ന പ്രവൃത്തിക്കായി, ഭരണാനുമതി തുകയിൽ ബാക്കിയുള്ള ₹89,18,755/-രൂപയിൽ നിന്നും, ₹9,99,049/-രൂപ '2210-05-200-95-35 (പ്ലാൻ)' എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകാൻ ഇംഹാൻസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഇതിനിടയിൽ പരാമർശം (8) പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ സി.സി. 4 & പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി ₹9,97,340/- രൂപ കൂടെ അനുവദിച്ചു നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **'ഇംഹാൻസിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണം'** എന്ന പ്രവൃത്തിയുടെ സി.സി. 5 & പാർട്ട് ബിൽ തീർപ്പാക്കുന്നതിനായി **'2210-05-200-95-35 (പ്ലാൻ)'** എന്ന ശീർഷകത്തിൽ നിന്നും **₹9,99,049/- രൂപ (ഒൻപതു ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി നാൽപ്പത്തിയൊൻപതു രൂപ മാത്രം)** റിലീസ് ചെയ്തു നൽകി ഉത്തരവാകുന്നു.

4. തുക അനുവദിക്കുന്നതിനു മുൻപായി ബില്ലുകളുടെ കൃത്യത ഇംഹാൻസ് ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോ സയൻസസ്, കോഴിക്കോട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (2927050/HLT-A3/156/2024-FIN dated 25.02.2026)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/97/2024-HEALTH-Part(2) )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 26-02-2026 13:01:59

സെക്ഷൻ ഓഫീസർ